Registered No. M-4485 Madras War Review, Malayalam—17-3-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിൻെറ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] മദിരാശി: 1944 മാർച്ച് 17-ാംനു, വെള്ളിയാഴ്ച [ലക്കം 28



## ഇനിയത്തെ കൊല്ലം നാം ചാടിക്കടക്കും

രണ്ടാം സമരമുഖം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇനിയത്തെ കൊല്ലം നാം ചാടിക്കടക്കും.

നിങ്ങൾതന്നെ തിയ്യതി നിശ്ചയിച്ചു പന്തയം കെട്ടിക്കൊൾവിൻ.

സമരമുഖവും ദേശീയമുഖവും യോജിച്ചു ഇക്കൊല്ലംതന്നെ പരിശ്രമിക്കുന്നതായാൽ വളരെ ദുർഘടമെന്നു നാം വിചാരിക്കുന്നതു് എളുപ്പത്തിൽ തകക്കാനും ഇനിയത്തെ കൊല്ലം ചാടിക്കടക്കാനും സാധിക്കുമെന്നതിനു എനിക്കു ലേശവും സംശയമില്ല. ഈ കൊല്ലാവസാനത്തിൽ—ഒരുപക്ഷെ അതിന്നു മുൻപുതന്നെ—ചാടിക്കടക്കാൻ സന്നദ്ധരാകുന്നതാണു്.

—ജനറൽ മോണ്ട്ഗോമറി, ഒരു തൊഴിലാളി സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു
(1944 മാർച്ച് 11-ാം തിയ്യതി)

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഇനിയത്തെ കൊല്ലം നാം ചാടികടക്കും .. | 1 | പ്രത്യേക ലേഖനങ്ങൾ :— അയർലണ്ട്, റഷ്യ, ബർമ്മ .. .. .. | 5-6 |
| വർത്തമാനച്ചുരുക്കം .. .. .. | 2 | ഗ്രാമീണപുനരുദ്ധാരണം .. .. .. | 7 |
| പ്രതിവാര ചിന്തകൾ .. .. .. | 3-4 | റെഡ് ക്രോസ് സർവ്വീസ് .. .. | 8 |


# വർത്തമാനച്ചുരുക്കം

ഇന്ത്യയിലെ വ്യവസായശാലകളിൽ 1941ൽ 2,156,377 ആളുകൾ ജോലി ചെയ്തിരുന്നു. 1942 ൽ 2,281,563 ആളുകൾ ഉണ്ടായിരുന്നു പോൽ.

* * *

പെട്രോളിന്നു ക്ഷാമം വന്നതിന്നുശേഷം മോട്ടോർവാഹനങ്ങൾ മിക്കതും ഓടുന്നതു് ഗാസിന്റെ ശക്തികൊണ്ടാണെല്ലൊ. ഈവിധം ഗാസിന്റെ ശക്തികൊണ്ടു ഇന്ത്യയിൽ 13,500 വാഹനങ്ങൾ ഓടുന്നുണ്ടു്. ഇതിൽ 8,500 ബസ്സുകളാണു്; 3,500 ലോറികളാണു്; 1,500 എണ്ണം മോട്ടോർകാറുകളുമാകുന്നു.

* * *

"ബേവിൻബോയ്സ്" ന്റെ പത്താമത്തെ സംഘം ഇംഗ്ലണ്ടിലേക്കു് പോയ്ക്കഴിഞ്ഞു. ഇവർ വ്യാവസായികമായ പരിശീലനത്തിന്നു് പോകയാണു്. പത്താമത്തെ സംഘത്തിൽ 79 ആളുകളുമുണ്ടു്. ഇതിൽ നാലാളുകളെ കപ്പൽപണി ചെയ്യുന്ന കമ്പിനികളിൽനിന്നാണു് തിരഞ്ഞെടുത്തിട്ടുള്ളതു്. ഇവൎക്കു് കപ്പൽപണി ചെയ്യുന്നതിലും, കപ്പലുകൾ റിപ്പേർ ചെയ്യുന്നതിലും പ്രത്യേക പരിശീലനം ലഭിക്കുന്നതാണു്.

* * *

കഴിഞ്ഞ യുദ്ധത്തിന്നുശേഷം പട്ടാളത്തിൽനിന്നു വിട്ടുവരുന്നവൎക്കു ജീവിതത്തിൽ സുഖപ്രദമായ ഒരു സ്ഥാനം ഉണ്ടാക്കികൊടുക്കേണ്ടതിന്നു സഹായിപ്പാൻ വേണ്ടിയാണു് ഇന്ത്യൻ സോൾജേർസ് ബോർഡ്സ്നെ രൂപീകരിച്ചതു്. കൊല്ലം 1939ൽ ഇന്ത്യയിൽ ഇത്തരത്തിലുള്ള 79 ബോൎഡുകൾ ഉണ്ടായിരുന്നു. ഇന്നു ബ്രിട്ടീഷ് ഇന്ത്യയിൽതന്നെ 135ൽ അധികം ബോൎഡുകളുണ്ടു്. ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ 28ൽ അധികവും ഉണ്ടു്.

* * *

ഇന്ത്യാഗവമ്മേണ്ടു നിശ്ചയിച്ച ടെക്നിക്കൽ ട്രെയിനിങ്ങ് സ്കീം പ്രകാരം എല്ലാ ട്രെയിനിങ്ങ് കേന്ദ്രങ്ങളിൽനിന്നും കൂടി ഇതുവരെയായി 57,676 ആളുകളെ ട്രെയിനിങ്ങ് കഴിച്ചു് അയച്ചുകഴിഞ്ഞു. 32,667 ആളുകൾക്കു് ട്രെയിനിങ്ങ് ലഭിച്ചുവരികയും ചെയ്യുന്നു. പാസ്സായവരിൽ 52,148 ആളുകൾ പട്ടാളസംബന്ധമായ പലേ ജോലികളിലായി ചേൎന്നിരിക്കുന്നു. 2,511 ആളുകളെ സാധാരണ വ്യവസായശാലകളിലും നിശ്ചയിച്ചിരിക്കുന്നു. 2,851 ആളുകളെ യുദ്ധോപകരണങ്ങൾ ഉണ്ടാക്കുന്ന യന്ത്രശാലകളിലും നിശ്ചയിച്ചിരിക്കുന്നു.

## കേരളത്തിന്റെ പോരും പേരും

(ശ്രീമാൻ പി. മാധവൻ നമ്പ്യാർ)

കേരളത്തിന്റെ പേരും പോരിനാൽ സമ്പാദിച്ച-
കേരളസന്താനങ്ങൾ വീണ്ടുമൊന്നുണരുക.

പൂരത്തിൽ പരാക്രമം കാട്ടുവാൻ പറ്റുന്നാകിൽ
ഭാരതരക്ഷാനിരക്കിന്നു മാതൃകയാകാം.
യുദ്ധമാം പിശാചിന്നു പടിയും കടന്നിട്ടു
ശുദ്ധമാം പടിഞ്ഞാററി യശുദ്ധമാക്കിടുവാൻ,
മുതിൎന്നീടുന്നിക്കൂട്ടിൽ ജീവനൊന്നുണ്ടായീടിൽ
മുതിൎന്നിടേണ മരിവംശത്തേയൊടുക്കുവാൻ.

ദേഹത്തിൻ നിലനില്പു ക്ഷണഭംഗുരമാണെ-
ന്നാഹവ വീരന്മാരെ! കേരളിയരേ! യോൎക്കൂ
തൃശ്ശൂർ പൂരത്തിൽ രണ്ടു മെച്ചമാം നായന്മാൎക്കു
വിഭ്രമമില്ലാ ശക്തി പരീക്ഷിച്ചറിഞ്ഞീടാൻ
ശത്രുക്കളെന്നഭാവം കൈക്കൊണ്ടങ്ങമർ ചെയ്യോർ-
ക്കിത്ര സൌവൎണ്ണകാല മെങ്ങുവാൻ പോരിന്നായി.

ജാപ്പാന്റെ ബീഭത്സമാമാക്രമം, ജൎമ്മൻതന്റെ
തീപ്പാളും തീക്ഷ്ണങ്ങളാം ദൃഷ്ടികോൺ ശരങ്ങളും
എത്തിനോക്കുവാൻ ധൈൎയ്യപ്പെടുമൊ ഭാരതത്തി-
ന്നത്തീൎണ്ണ ഭടന്മാരാം സന്താനം ലാലസിക്കെ.

ലോകനാർകാവിന്നുള്ള പേരെഴും നായന്മാരും
മാവിലായിതന്നുററ മക്കളുമെന്നുമല്ല,
നായകന്മാരായീടും മററുള്ള ജനങ്ങളും
മായം വിട്ടൊന്നു ശത്രുനിവഹം വീക്ഷിക്കണം.

കച്ചകെട്ടുക, കള്ളവഞ്ചകന്മാരെ ക്ഷണം
തച്ചുണ്ടുതുരത്തുക ഭാരതം രക്ഷിക്കുക.
എത്രയൊ കാലം ക്ഷേമോത്സുകമായിന്ത്യാരാജ്യ-
മെത്രയും മെച്ചമായി ഭരിച്ച സൎക്കാരിനെ
സേവനം ചെയ്തീടേണം നീതിന്യായത്തോടിന്നും
മേവണം നമുക്കെന്നു മോൎത്തീടുന്നതായീടിൽ
പോരെന്ന ശബ്ദം കേട്ടാൽ ചോരതാൻ തിളക്കുന്ന-
കേരളവീരന്മാരെ ചേരുവിൻ പട്ടാളത്തിൽ.

കേരളത്തിന്റെ പേരു പോരിനാൽ നമ്പാദിച്ച
കേരളസന്താനങ്ങൾ വീണ്ടുമൊന്നുണരുക.

മാർച്ച് 7-ാം തിയ്യതി കേന്ദ്ര സഭയിൽവെച്ചുണ്ടായ ബഡ്ജററു വിമർശനത്തിന്നു മറുപടിയായി ഇന്ത്യാഗവർമ്മെണ്ടിന്റെ ഫിനാൻസു മെമ്പർ ബഹു. സർ ജിറമി റയിമൻ രാജ്യരക്ഷാച്ചിലവിനെ സംബന്ധിച്ച പല പ്രശ്നങ്ങളും വിശദീകരിക്കുകയുണ്ടായി. വിമാനത്താവള സംബന്ധമായി മുൻകൊല്ലങ്ങളെ അപേക്ഷിച്ചു ചെലവു വർദ്ധിച്ചിരിക്കുന്നതിന്റെ കാരണങ്ങളും അദ്ദേഹം കാണിച്ചിട്ടുണ്ട്. ജപ്പാൻകാർ യുദ്ധത്തിൽ പ്രവേശിക്കുന്നതിന്നു മുമ്പുണ്ടായിരുന്നതിനേക്കാളും എത്രയൊ കൂടുതൽ ചെലവു, ശത്രുക്കൾ നമ്മുടെ അതിർത്തി ദേശത്തെത്തിയിരിക്കുന്ന ഈ കൊല്ലത്തിലുണ്ടാവുമെന്നു പ്രതീക്ഷിക്കാവുന്നതുതന്നെയാണ്. മൌണ്ട് ബാററൻ പ്രഭുവിന്റെ മേൽനോട്ടത്തിലുള്ള സൈന്യച്ചിലവു ഇൻഡ്യയുടെ പ്രാദേശിക രക്ഷാച്ചെലവുകളെ ഗൌരവമായി അധികരിച്ചിട്ടില്ലെന്നു അദ്ദേഹം ശക്തിപൂർവ്വം പ്രസ്താവിച്ചു.

അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിലെ വേറൊരു ഭാഗം ബ്രിട്ടനും ഇൻഡ്യയും തമ്മിൽ യുദ്ധച്ചെലവു സംബന്ധിച്ചു ചെയ്തിരിക്കുന്ന നിശ്ചയത്തെപ്പററിയാണ്. 1943-44 വരെയുള്ള കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിലെ മൊത്ത യുദ്ധച്ചെലവിൽ ക. 800 കോടി മാത്രമെ ഇന്ത്യയുടെ ധനത്തിൽനിന്നുപയോഗിച്ചിട്ടുള്ളു. ബാക്കി ക. 940 കോടിയും ചക്രവർത്തിയുടെ ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ മേലാണ് ചുമത്തപ്പെട്ടിരിക്കുന്നതു്. ഈ 940 കോടി ഉറുപ്പികയിൽ ചാററ് ഫീൽഡു കമിററിയുടെ നിർദ്ദേശപ്രകാരമുള്ള ചെലവുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫി

1-A

## പ്രതിവാരചിന്തകൾ

നാൻസ് മെമ്പർ പ്രസംഗം ഉപസംഹരിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:—

"ഇന്ത്യയുടെ മേൽ ചുമത്തപ്പെട്ടിരിക്കുന്ന കടം ഇന്ത്യയുടെ രക്ഷക്കു മാത്രമായി ഉപയോഗിച്ചതാണെന്നു



ഭോപാൽ നവാബിനു് സർ റിച്ചാഡ് പീയേർസ് റോയൽ വാറണ്ട് ഓഫ് കമ്മീഷൻ, കൊടുക്കുന്നതു്

പറയാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. എന്നുമാത്രമല്ല, ആ സംഖ്യ ഇന്ത്യയുടെ പൊതു രക്ഷണത്തിന്നോ, ഇന്ത്യയുടെ പ്രാദേശികമായ രക്ഷണത്തിന്നുമാത്രം പോലുമോ മതിയാകുന്നുമില്ല. രാജ്യത്തിന്റെ അതിർത്തിക്കപ്പുറമുള്ള ഒരു വിധമായ രക്ഷാച്ചെലവിന്നും ഇന്ത്യക്കു ഒരു പങ്കുമില്ലെന്നുള്ളതാണ് യഥാർത്ഥ നില.

1943-44 ൽ പൊതുകാര്യങ്ങൾക്കായി 8.29 കോടി ഉറുപ്പിക ചെലവു വർദ്ധിച്ചിട്ടുണ്ട്. ആ ഇനത്തിൽ മൊത്തച്ചെലവു 76.78 കോടി ഉറുപ്പികയെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ബഡ്ജററിലെ സർവ്വസമ്മതമായ ഒരിനം വ്യാവസായിക ഗവേഷണത്തിന്നായി നിശ്ചയിച്ച പത്തുലക്ഷം ഉറുപ്പിക സഹായധനമാണ്. യുദ്ധാനന്തരം മൂന്നോ നാലോ കൊല്ല വ്യാപ്തിയിൽ, സംയുക്ത ഗവേഷണത്തിന്നായി ഇന്ത്യാ ഗവർമ്മേണ്ട് ഒരു കോടി ഉറുപ്പിക വിനിയോഗിക്കുന്നതാണ്. ആയതിലേക്കു ഒരു പദ്ധതി ശാസ്ത്രീയവും വ്യാവസായികവും ആയ ഗവേഷണ വകുപ്പുകളിലെ അധികൃതന്മാർ രൂപീകരിക്കുന്നുണ്ട്. കഴിഞ്ഞ കൊല്ലങ്ങളിലെ ധനവർദ്ധനവിന്റെ ഫലമായുണ്ടായ വിലവർദ്ധനവു ഗവർമ്മേണ്ടിന്നും ജനങ്ങൾക്കും വ്യാകുലതയുണ്ടാക്കിത്തീർത്തിരിക്കുന്നു. വർദ്ധമാനമായ ഈ അനാവശ്യ വാങ്ങിച്ചു കൂട്ടൽ തടയാനായി

വിലക്രമീകരണം, വിലനിയന്ത്രണം, കൂട്ടിവെയ്പ്പ് നിരോധനം, ലാഭനിയന്ത്രണം തുടങ്ങി സർവ്വസമ്മതമായ പല 'വിലതീർപ്പ് പ്രതിരോധ' പ്രസ്ഥാനങ്ങളും ഏർപ്പെടുത്തിനോക്കി. ഈ വക പ്രതിരോധപ്രസ്ഥാനങ്ങൾ കൂടാതെ, പൊതുജനാവശ്യത്തിനുള്ള സാധനങ്ങളുല്പാദിപ്പിക്കാനും, കൂടുതൽ സ്വർണ്ണം ജനങ്ങൾക്കു വാങ്ങാൻ കിട്ടേണ്ടതിന്നും വേണ്ട ഏർപ്പാടും ഗവർമ്മേണ്ടിൽനിന്നു ചെയ്തിട്ടുണ്ട്.

'ചിലവു ചുരുക്കി കടം കൊടുക്കുക" എന്ന പദ്ധതികൊണ്ടു് അനാവശ്യമായി സാമാനങ്ങൾ വാങ്ങുന്ന അവസ്ഥയെ ഗണ്യമായി തടയാൻ ഗവർമ്മേണ്ടിന്നു സാധിച്ചിട്ടുണ്ട്. ഒരു കൊല്ലംകൊണ്ടു് (1943 ജനുവരി 31-ാം തിയ്യതി മുതൽ 1944 ഫിബ്രുവരി 1-ാംനു വരെ) 115 കോടി ഉറുപ്പിക പൊതുജനങ്ങൾ ദേശീയ കടപ്പത്രത്തിലേക്കു സംഭാവന ചെയ്തിട്ടുണ്ട്. മുൻകൊല്ലങ്ങളിലെ പിരിവിൻെറ ഏകദേശം മൂന്നിരട്ടിയാണിതു്. 'തുച്ഛസംഖ്യ സമ്പാദ്യ (Small Savings Scheme) പ്രസ്ഥാനമാകട്ടെ കുറെക്കൂടി വിപുലമായ തോതിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ബ്രിട്ടനിലെ ഇമ്മാതിരി പ്രസ്ഥാനം ബ്രിട്ടീഷ് എക്സ്ചെക്കറിന്നു ഗണ്യമായ ഒരു സംഖ്യ സമ്പാദിച്ചുകൊടുത്തതായും വിലവീർപ്പിന്നു തക്കതായ ഒരു പ്രതിരോധശക്തിയായി വർത്തിച്ചിട്ടുള്ളതായും അറിയുന്നു.

നികുതി വിഷയകമായി ഒരു പുതിയ നിർദ്ദേശം ഫിനാൻസ് മെമ്പർ നൽകിക്കാണുന്നു. ചായ, കാപ്പി, അടയ്ക്ക തുടങ്ങിയവയിൽ റാത്തലിന്നു രണ്ടണ ചുമത്തിയും, ആദായത്തിൽ 10 കോടി ഉറുപ്പിക വർദ്ധിക്കാൻ തക്ക ഒരു കൂടുതൽ നികുതി പുകയിലയിൽ ചുമത്തിയും, ലഹരി സാധനങ്ങളിലും പുകയിലയിലും നികുതി ഇരുപതു ശതമാനമാക്കിയും, 15,000 ഉറുപ്പികയിൽ കൂടുതലുള്ള വരവിന്മേൽ ചുമത്തിയിരുന്ന ആദായനികുതി വർദ്ധിപ്പിച്ചും, ക. രണ്ടു 35,000 നും ലക്ഷത്തിനും ഇടക്കുള്ള ആദായത്തിന്മേലുള്ള സൂപ്പർടാക്സ് അരയണക്കണക്കിൽ വർദ്ധിപ്പിച്ചും, കോർപറേഷൻ നികുതി ഒരണയിൽനിന്നു മൂന്നണയാക്കി വർദ്ധിപ്പിച്ചും നിശ്ചയിച്ചിരിക്കുന്ന ഈ പുതിയ ആദായനികുതി പ്രസ്ഥാനമനുസരിച്ചു ഏററവും ചുരുങ്ങിയ ആദായനികുതി 15,00 ൽ നിന്നു് 2000മായി വർദ്ധിച്ചിരിക്കുന്നു.

ഇന്ത്യയുടെ അഞ്ചാം ബഡ്ജററ് ഏററവും ഗംഭീരമായ ഒന്നായി കരുതിവരുന്നതു് പരമാർത്ഥത്തിൽ ഉചിതംതന്നെയാണു്. ഉദാഹരണമായി, "സമ്പാദ്യാനുസരണം കൊടുക്കുക" എന്ന പ്രസ്ഥാനമനുസരിച്ചു് നിർബ്ബന്ധിത സമ്പാദ്യത്തിൽ രണ്ടു ശതമാനം പലിശയുള്ളതായ ത്രൈമാസിക ആദായനികുതി മുൻകൂട്ടികൊടുക്കാൻ ഒരുവനെ സഹായിക്കുന്നു. പ്രാദേശികമായി ചുമത്താനുദ്ദേശിക്കുന്ന മറെറാരു നികുതി തരിശു വസ്തുവകകളിന്മേലുള്ളതാണു്. ഇതു ദാരിദ്ര്യശമനാർത്ഥം മാത്രമുദ്ദേശിച്ചിട്ടുള്ളതല്ല. പിന്നേയോ, യുദ്ധാനന്തര പുനരുദ്ധാരണത്തിനു് സഹായകമാകാൻകൂടിയാണു് ".

കേന്ദ്രഗവർമ്മേണ്ടിൻെറയും പ്രാദേശിക ഗവർമ്മേണ്ടുകളുടേയും സാമ്പത്തികനിലയെപ്പററി ഊന്നിപ്പറഞ്ഞതോടുകൂടി, അതാതു ഗവർമ്മേണ്ടുകളുടെ നികുതി വകുപ്പുകളെ ആശ്രയിച്ചാണു് അവയുടെ പരിപൂർണ്ണവളർച്ചയിരിക്കുന്നതെന്നും ഫിനാൻസ് മെമ്പർ തൻെറ പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. യുദ്ധാനന്തരം ആദ്യത്തെ അഞ്ചു കൊല്ലംകൊണ്ടു് കടം വാങ്ങിച്ചും നികുതിവഴിയായും കുറഞ്ഞപക്ഷം 1,000 കോടി ഉറുപ്പികയെങ്കിലും യുദ്ധാനന്തര പുനരുദ്ധാരണാവശ്യങ്ങൾക്കായി വിനിയോഗിക്കാൻ ഉണ്ടാകുമെന്നു അദ്ദേഹം കണക്കാക്കിയിരിക്കുന്നു. അമേരിക്കയും ഇന്ത്യയുമായുള്ള യുദ്ധാനന്തരവാണിജ്യത്തെ സഹായിക്കാനായി ഉദ്ദേശിക്കപ്പെടുന്നതും അചിരേണ സ്ഥാപിതമാകുമെന്നു് വിചാരിക്കുന്നതുമായ (Dollar found) ഡാളർ ഫണ്ടു്, അദ്ദേഹത്തിൻെറ ബഡ്ജററ് പ്രസംഗത്തിൽ നമ്മുടെ ശ്രദ്ധയെ അർഹിക്കുന്ന ഒരു വിഷയമാണു്. ആകപ്പാടെ പറയുന്നതായാൽ യുദ്ധത്തിനാൽ ചുമത്തപ്പെടുന്ന ഭാരം ഒട്ടും കൂടുതലല്ലെന്നു് സാമാന്യമായി ആശ്വസിക്കാം. ഒരു രാജ്യത്തിനു് യുദ്ധാവശ്യാർത്ഥം മാത്രം ചെലവു ചെയ്യാൻ സാധിക്കുന്നതല്ലെന്നു പ്രധാന സാമ്പത്തികാദർശത്തെ ബഡ്ജററ് ആദരിക്കുന്നുണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകംതന്നെ. സൈന്യസന്നാഹം തുടങ്ങിയ യുദ്ധസംഭരണങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതായാൽ അതിലേക്കുള്ള ചെലവു വഹിക്കുന്നതു ഇന്ത്യയല്ലെങ്കിൽതന്നെയും ഇന്ത്യയുടെ ധനസ്ഥിതിയെ സാരമായി ബാധിക്കുന്ന ഒരു ഘട്ടം എത്തിയിട്ടുണ്ടു്. ഈ സംഗതി ബഡ്ജററിൽ അംഗീകരിച്ചിട്ടുണ്ടെന്നുമാത്രമല്ല, ഇന്ത്യൻ ജനതയുടെ ക്ഷേമത്തിനും പ്രവർത്തനകേന്ദ്രമെന്ന നിലയിൽ ഇന്ത്യയെക്കൊണ്ടുള്ള പ്രയോജനത്തിന്നും അടിസ്ഥാനമായിരിക്കുന്ന അതിൻെറ സമ്പൽസ്ഥിരതയെ നിലത്തുക എന്ന തത്വത്തിന്മേലാണു് ഇന്ത്യയുടെ സമരകാലധനസ്ഥിതി ആശ്രയിച്ചിരിക്കുന്നതു്.

# യുദ്ധസഞ്ചിക

## പ്രതിവാര പത്രം

1944 മാർച്ച് 17-ാംനു, വെള്ളിയാഴ്ച


## അയർലാണ്ട്

ലോകമൊട്ടാകെ അത്യാപത്തിൽ പെട്ടുഴലുന്ന ഈ ഘട്ടത്തിൽ എന്തെങ്കിലും സമാധാനപരമായ ഒരു നിവൃത്തിമാർഗ്ഗം കണ്ടെത്തുവാൻ ശ്രമിക്കുന്ന ഐക്യകക്ഷികളെ ഏതു കഠിനഹൃദയനും സഹായിച്ചുകളയാമെന്ന് തോന്നുന്ന ഒരു സമയമാണിതു്. എന്നാൽ സ്വതന്ത്ര അയർലാണ്ടിന്ന് അങ്ങിനെയല്ല തോന്നുന്നതു്. സ്വതന്ത്ര അയർലാണ്ടിന്റെ അധികാരിയായ ഡിവലേര ശത്രുപക്ഷക്കാരായിട്ടുള്ള ബന്ധം ഇന്നും നിലനിർത്തിപോരുന്നു; ശത്രുപക്ഷക്കാർക്ക് ഐക്യകക്ഷികളുടെ രണ്ടാം യുദ്ധരംഗത്തെപ്പററിയുള്ള വർത്തമാനങ്ങൾ യാതൊരു പ്രയാസവും കൂടാതെ അറിവാനുള്ള മാർഗ്ഗങ്ങൾക്കു യാതൊരു തടസ്ഥവും ഡിവലേര ചെയ്യുന്നതുമില്ല. എന്നാൽ ശത്രുപക്ഷക്കാരെ ഇങ്ങനെ അറിഞ്ഞോ അറിയാതെയൊ സഹായിക്കുന്നുണ്ടെങ്കിലും സ്വതന്ത്ര അയർലാണ്ട് ഇന്നും ഐക്യകക്ഷികളുടെ ബന്ധുവാണ്; ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഒരു ഡൊമിനിയനാണ്! യുദ്ധകാര്യത്തിൽ നിഷ്പക്ഷനില കൈക്കൊള്ളുന്ന ഒരു രാജ്യവുമാണ്. പക്ഷെ. ഇതുകൊണ്ടൊന്നും ഐക്യകക്ഷികൾക്ക് യാതൊരു കുസലിന്നും ആവിശ്യമുണ്ടായിരുന്നില്ല; നിർഭാഗ്യവശാൽ ഇംഗ്ലാണ്ടിന്റെ പടിഞ്ഞാറെ വേലിക്കൽ തന്നെയാണ് അയർലാണ്ടിന്റെ സ്ഥിതി. ഇംഗ്ലാണ്ടിൽ കൂട്ടാന്ന് കടുക് വറുത്തിട്ടാൽ അയർലാണ്ടിൽ അതിന്റെ വാസന എത്താതിരിക്കയില്ല. ഇംഗ്ലാണ്ടിലേക്ക അത്‌ലാന്തിക്ക സമുദ്രത്തിൽകൂടെ എന്തു സാധനങ്ങൾ വരുന്നുണ്ടെങ്കിലും ആയതു് അയർലാണ്ടിലുള്ളവർ അറിയാതെയും നിവൃത്തിയില്ല. ഇത്ര വിഷമസ്ഥിതിയിലാണ് കാര്യങ്ങൾ ഇരിക്കുന്നതെന്നും, അതു്

## ബഹു. മദിരാശി ഗവർണ്ണരുടെ സന്ദേശം

ഗവർമ്മേണ്ട് ഹൌസ്,

ഗിണ്ടി, 1944 മാർച്ച് 10-ാം തിയ്യതി.

ഈ സംസ്ഥാനത്തിലും ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും ഇന്ത്യാഗവർമ്മേണ്ട് ഇപ്പോൾ ഒരു പുതുതായ ധനസൂക്ഷിപ്പ് പദ്ധതി തുടങ്ങിയിരിക്കുന്നു. ഈ പദ്ധതി രൂപീകരിച്ചതു് സാധുക്കളായവർക്കും എന്തെങ്കിലും അല്പാല്പം സൂക്ഷിപ്പാനുള്ള ഒരു മാർഗ്ഗമുണ്ടാകണം എന്ന് കരുതിയാണ്. ഈ പദ്ധതി പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്.

ഈ പദ്ധതി ഇന്ത്യയുടെ പൊതുനന്മയെ സംബന്ധിച്ചേടത്തോളം വളരെ നല്ലതും ഏററവും ഗൌരവമായിട്ടുള്ളതുമാണ്. യുദ്ധകാലത്തേക്കുമാത്രം വേണ്ടിയുള്ളതല്ല, യുദ്ധകാലത്തും യുദ്ധം കഴിഞ്ഞ് വളരെ കാലത്തേക്കും ഇന്ത്യയുടെ സാമ്പത്തികോന്നതിക്കു പററിയ ഒരു കാര്യമാണ് ഇതു്. ഇപ്പോൾ ധനം സമ്പാദിപ്പാനും സൂക്ഷിപ്പാനും ഇന്ത്യക്കു പററിയ കാലമാകുന്നു; അങ്ങനെ ചെയ്യാലെ ലോകത്തിലെ രാഷ്ട്രസമുദായത്തിൽ മതിപ്പോടുകൂടിയ ഒരു സ്ഥാനം ഇന്ത്യക്കുണ്ടാകാൻ വഴിയുള്ളു.

ഓരോ വ്യക്തിയുടെയും ധനസ്ഥിതിയെപ്പററിയാലോചിക്കുന്നതായാലും ഇത്ര ഉറപ്പും ലാഭവുമുള്ളതായ മറെറാരു സൂക്ഷിപ്പു കാണ്മാൻ പ്രയാസമാണ്.

അതിനാൽ ഈ പുതിയ പദ്ധതിയിൽ (സ്മാൾ സേവിങ്ങ്സ് സ്കീം) ഈ സംസ്ഥാനത്തിലെ ജനങ്ങൾ കഴിയുന്നത്ര പങ്കെടുക്കുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അങ്ങനെ ചെയ്യാൽ അവർ അവരുടെ രാജ്യത്തിന്നും താന്താങ്ങൾക്കും അളവററ സഹായം ചെയ്കയായിരിക്കും.

(ഒപ്പ്) ആർതർ ഹോപ്പ്,

മദ്രാസ് ഗവർണ്ണർ.

യുദ്ധകാര്യങ്ങൾക്കു പലെ വിഘ്നങ്ങൾ ചെയ്വാനും പര്യാപ്തമായിരിക്കുമെന്നും അറിഞ്ഞതിനാൽ ശത്രുപക്ഷക്കോയ്മകളുടെ പ്രതിനിധികളായി വല്ലവരും അയർലാണ്ടിൽ ഉണ്ടെങ്കിൽ അവരെ അവിടെ നിന്നോടിക്കേണമെന്നു് പ്രസിഡെണ്ടു് റൂസ്‌വെൽട്ടു് ഡിവലേരയൊടാവശ്യപ്പെട്ടപ്പോൾ താൻ അങ്ങിനെ ചെയ്വാനൊരുക്കമില്ലെന്നാണു് മറുവടി. ഇതു ഏററവും ധിക്കാരമായിയെന്നും ഇതിന്നു് തക്കതായ നടവടികൾ എടുക്കേണമെന്നും ഐക്യകക്ഷികൾ തീർച്ചയാക്കീട്ടുണ്ടു്. ഇപ്പോൾ ഇംഗ്ലാണ്ടിൽ നിന്നു് അയർലാണ്ടിലേക്കുള്ള സർവ്വയാത്രകളും ഗവമ്മേണ്ടു് നിയമമനുസരിച്ചു് മുടക്കിയിരിക്കുന്നു. ഒരു പക്ഷെ ഇതിലും കശ്ശനമായ നടവടികൾ അടുത്തവസരത്തിൽ എടുത്തേക്കാം.

---

## റഷ്യ

റഷ്യൻ രംഗത്തിൽ ജർമ്മൻ സൈന്യത്തിന്നു് കഴിഞ്ഞാഴ്ചയിൽ അതിഭയങ്കരമായ ഒരു പരാജയം ഉണ്ടായതു് കരിങ്കടലിന്റെ വക്കത്തുള്ള ഖർസോൺ നഗരിയിലാണു്. ഖർസോൺ യൂക്രൈനിലെ ഒരു പ്രധാന നഗരിമാത്രമല്ല, കരിങ്കടലിന്റെ ഒരു പ്രധാന തുറമുഖപട്ടണവുമാകുന്നു. ഈ സ്ഥലം 1941 ആഗസ്റ്റു് മാസത്തിലാണു് ജർമ്മൻ സൈന്യം റഷ്യക്കാരുടെ വക്കൽ നിന്നു പിടിച്ചതു്. കഴിഞ്ഞാഴ്ച ആയതു് റഷ്യൻ സൈന്യം ജർമ്മൻകാരുടെ വക്കൽനിന്നു് മടങ്ങി എടുക്കുകയും ചെയ്തിരിക്കുന്നു. ഖർസോണിന്നു ശേഷം ജർമ്മൻ കൈവശമുള്ള മറെറാരു റഷ്യൻ തുറമുഖം നിക്കോളെവാണു്. ഇതും കരിങ്കടലിന്റെ വക്കത്തുള്ള ഒരു തുറമുഖമാകുന്നു. അടുത്തു കിട്ടിയ കമ്പികൊണ്ടു് നിനിക്കൊളെവിന്റെ സ്ഥിതി വളരെ ശോചനീയമാണെന്നാണു് അറിയുന്നതു്. മററു രംഗങ്ങളിലും ജർമ്മൻ സൈന്യത്തിന്നു് പരാജയമേ ഉള്ളു. പരാജയത്തിന്നു പരിഹാരമായോ, അതോ ഹിററ്ലറുമായിട്ടുള്ള അഭിപ്രായവ്യത്യാസംകൊണ്ടോ എന്നറിയുന്നില്ല, റഷ്യൻ രംഗത്തിലെ മദ്ധ്യഖണ്ഡത്തിലും വടക്കെ ഖണ്ഡത്തിലുമുള്ള ജർമ്മൻ സൈന്യനായകന്മാരെ പിരിച്ചു് പുതിയ ആളുകളെ ഹിററ്ലർ നിശ്ചയിച്ചിരിക്കുന്നു. റഷ്യയും ഫിൻലാണ്ടുമായിട്ടുള്ള മൈത്രി ഇനിയും സ്ഥാപിച്ചുകഴിഞ്ഞിട്ടില്ല. നേരെ മറിച്ചു് അടുത്ത ദിവസം റഷ്യ ഫിൻലാണ്ടിന്നയച്ചിട്ടുള്ള കരാറുവ്യവസ്ഥകൾ ഫിൻലാണ്ടിന്നു് തിരെ സ്വീകാര്യമല്ലെന്നാണു് വത്തമാനം. ജർമ്മനിയുടെ സ്വാധീനശക്തി അല്പമെങ്കിലും ഫിൻലാണ്ടിൽ ശേഷിച്ചുപോകരുതെന്നുള്ള വ്യവസ്ഥകൾ റഷ്യ ചെയ്യാതിരിക്കയില്ലെന്നല്ലാതെ, ഫിൻലാണ്ടിനെപോലെ ഒരു പൌരുഷശക്തിയുള്ള അയൽ രാജ്യത്തിനെ മുക്ഷിപ്പിക്കേണമെന്നുള്ള മോഹം റഷ്യക്കു തീരെ ഇല്ല. റഷ്യക്കു ഭാവിയിൽ ജർമ്മനിയുടെ വശത്തുനിന്നു് പൂർണ്ണരക്ഷ വേണമെന്നും ലോകസമാധാനത്തിന്നു് യാതൊരു തകരാറും വന്നുപോകരുതെന്നും മാത്രമേ നിർബ്ബന്ധമുള്ളു.

---

## ബർമ്മ

മെല്ലെ തിന്നാൽ മുള്ളും തിന്നാമെന്നുള്ള നയമാണു് ഐക്യകക്ഷികൾ ബർമ്മയിൽ ഇപ്പോൾ ആചരിച്ചുവരുന്നതു്. ചോര പതപ്പിക്കുന്ന സംഭവങ്ങളൊന്നും ബർമ്മൻ രംഗത്തിൽ കണ്ടനുഭവമാകുന്നില്ലെങ്കിലും ആദ്യം അക്കിയാബു് പിടിച്ചുകളയാമെന്നു് വെച്ചു് ഐക്യകക്ഷികൾ ആരംഭിച്ചതായ ആക്രമണം ഏററവും ഫലപ്രദമായിവരുന്നു. അക്കിയാബു് പിടിക്കേണമെങ്കിൽ അരാഖാൻ പ്രദേശത്തുനിന്നു് ജാപ്പാൻകാർ ഒഴിയണം; അങ്ങിനെത്തന്നെയാണു് ഇപ്പോൾ അവർ ചെയ്തുകൊണ്ടുവരുന്നതു്. അടിയുറച്ച സങ്കേതങ്ങളായി അവർ കരുതിയിരുന്ന കേന്ദ്രങ്ങളിൽ നിന്നെല്ലാം ജാപ്പാൻകാർ ഒഴിക്കുന്നു; അവയെ എല്ലാം ഇന്ത്യൻ സൈന്യങ്ങൾ കൈക്കലാക്കുകയും ചെയ്യുന്നു. അടുത്തവസരത്തിൽ ജാപ്പാൻകാരുടെ വക്കൽനിന്നു് ഇന്ത്യൻ സൈന്യം പിടിച്ചെടുത്ത സ്ഥലമാണു് ബുത്തിഡങ്ങ്. ഈ സ്ഥലം തെക്കെ ബർമ്മയിൽ ജാപ്പാൻകാരുടെ സൈന്യസങ്കേതവും ആക്രമണത്തിന്റെ അടിസ്ഥാനവുമാകുന്നു. മായുനിരകൾ എന്നു പറയുന്ന മലകളുടെ കിഴക്കുവശവും മാണ്ടു്ഡാ പട്ടണത്തിന്റെ വടക്കുകിഴക്കുമാണു് ബുത്തിഡങ്ങ് സ്ഥിതിചെയ്യുന്നതു്. ഈ വിധം കരവഴിക്കു് അരാഖാൻ പ്രദേശം മിക്കതും കൈക്കലാക്കി കഴിഞ്ഞാൽ പിന്നീടു അക്കിയാബു് പിടിക്കുവാനുള്ള ആക്രമണം കരവഴിക്കും കടതവഴിക്കും നടത്താവുന്നതാണു്. അക്കിയാബിൽ അടിയുറപ്പിച്ചാലെ ബർമ്മയിലേക്കു കരവഴിക്കും കടൽവഴിക്കും ഉള്ള ആക്രമണത്തിന്നു ശക്തികൂടാൻ തരമുള്ളു. ഈ സ്ഥിതിയാവുമ്പോഴേക്കും വടക്കൻ ബർമ്മയിൽകൂടി ചൈനയിൽനിന്നു് വരുന്ന സൈന്യത്തിന്നും അക്കിയാബിൽ എത്തിച്ചേരുവാൻ സാധിക്കും. സൈന്യങ്ങളുടെ ആക്രമണം നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽതന്നെ രണ്ടു വഴിയായി വിമാനസൈന്യങ്ങളുടെ ആക്രമണത്തിന്നും യാതൊരു കുറവുമില്ല. ഇതും രണ്ടു മാർഗ്ഗമായിട്ടാണു്. ഒന്നു് ആസ്സാമിൽ നിന്നും മറെറതു് തെക്കെൻ ചൈനയിൽനിന്നുമാകുന്നു.

# ഗ്രാമീണപുനരുദ്ധാരണം

(ക്യാപ്റ്റൻ ടി. വി. കരുണാകരൻ നായർ, ബി. എ)

## I

ഇന്ത്യൻ പട്ടാളത്തിൽ "വെൽഫേർ വിദ്യാഭ്യാസ" മെന്ന ഒരു പുതിയ ഡിപ്പാർട്ടുമെണ്ട് ഏർപ്പെടുത്തപ്പെട്ട വിവരം ഒരുപക്ഷെ നിങ്ങളെല്ലാം അറിഞ്ഞിട്ടുണ്ടായിരിക്കാം. പട്ടാളത്തിൽ ചേരുന്ന ഒരു ഇന്ത്യൻ സിപ്പായിക്കു സാധാരണയായി ഉണ്ടാവുന്നതു് മൂന്നു പ്രധാന ചിന്തകളാണ്.

ഒന്നാമതു് അവന്നു തന്റെ കമ്പനിയിലുള്ള സൌഖ്യം. രണ്ടാമതായി തന്റെ വീട്ടിലുള്ള മാതാപിതാക്കന്മാരുടെ സൌഖ്യം. മൂന്നാമതായി യുദ്ധം കഴിഞ്ഞാൽ പട്ടാളം വിട്ടു ഗ്രാമങ്ങളിൽ മടങ്ങിച്ചെന്നാൽ അവിടെ ഉണ്ടാകാനിടയുള്ള സൌഖ്യം. ഈ പ്രധാനപ്പെട്ട മൂന്നു ചിന്തകൾക്കു് തക്കതായ സമാധാനം കൊടുത്തു സിപ്പായിക്കു മനസ്സിന്നു കുളുർമയും സന്തോഷവും നല്കി തന്റെ പ്രവൃത്തിയിൽ കൂടുതലായ ഉത്സാഹവും, ഉന്മേഷവും, ഔത്സുക്യവും നല്കുവാനാണ് ഈ 'വെൽഫേർ' വകുപ്പു പട്ടാളത്തിൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതു്.

ഒരു ഇന്ത്യൻ സിപ്പായിക്കു രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ ശരിയായ ജോലിയുണ്ടു്. ഈ ജോലി വളരെ കഷ്ടമുള്ളതുമാണ്. സന്തോഷത്തോടുകൂടി കഷ്ടമായ ജോലി ചെയ്യുവാൻ മനസ്സിന്നു ശരിയായ ഉന്മേഷവും, ഉത്സാഹവും ആവശ്യമാണ്. ഈ രണ്ടു പ്രധാന കാര്യങ്ങളും പ്രദാനം ചെയ്യുവാനായി തന്നെയാണ് പട്ടാളതാവളങ്ങളിൽ ഫുട്ബാൾ, ഹാക്കി, മുതലായ കളികളും, സിനിമാ, ഡാൻസു, പാട്ടുകച്ചേരി, റേഡിയോ മുതലായ വിനോദങ്ങളും, അതിന്നു പുറമെ പല പല വർത്തമാന പത്രങ്ങളും, പുസ്തകങ്ങളും ഉള്ള വായനശാലകളും ഏർപ്പാടു ചെയ്തിട്ടുള്ളതു്. കളിയില്ലാത്ത പണി ഗുണകരമല്ലെന്നു ശരിയായി മനസ്സിലാക്കിയതിന്റെ ഫലമായി തന്നെയാണു പട്ടാളഅധികൃതന്മാർ കളികൾക്കും വിനോദങ്ങൾക്കും, ഇത്രമാത്രം പ്രധാന്യം നല്കുവാൻ സംഗതിയായതും. ഇതോടുകൂടി വാരത്തിൽ ഒരു മണിക്കൂർ നേരമെങ്കിലും സിപ്പായികൾക്കും 'വെൽഫേർ' സംബന്ധമായ വല്ല വിഷയങ്ങളെ പററിയും പ്രസംഗങ്ങൾ കൊടുക്കേണമെന്നും ഗവർമ്മേണ്ടു ഉത്തരവുണ്ടു്. ഈ ഉത്തരവുപ്രകാരം എല്ലാ കമ്പനികളിലും ഇപ്പോൾ ഈവക പ്രസംഗങ്ങൾ ശരിയായി നടന്നുവരുന്നതുമുണ്ടു്. വിദ്യാഭ്യാസവും, ലോകവിവരവും ഇല്ലാത്ത സിപ്പായികൾക്കു തങ്ങളുടെ അറിവു വർദ്ധിപ്പിക്കുവാനും മനസ്സു വികസിപ്പിക്കുവാനും ഈവക പ്രസംഗങ്ങൾ വളരെ സഹായിക്കുന്നതാണ്.

### കുടുംബസുഖം

സിപ്പായികളെവിട്ടു ഗ്രാമങ്ങളിൽ താമസിക്കുന്ന തങ്ങളുടെ മാതാപിതാക്കന്മാരുടെ സുഖത്തിന്നും സൌകര്യത്തിന്നും ഗവർമ്മേണ്ടു പലേ ഏർപ്പാടുകളും ചെയ്യുന്നുണ്ടു്. ഇതിൽ പ്രധാനമായ ഒന്നാണ് ജില്ലാ സോൾജിയേർസ് ബോഡ് (District Soldiers Board). ഈ ബോഡിൽ ജില്ലാ കലക്ടർ പ്രസിഡണ്ടും, പ്രധാന ജില്ലാ ഉദ്യോഗസ്ഥന്മാർ മെമ്പർമാരുമാണ്. കൂടാതെ ഒരു സെക്രട്ടരിയും ഉണ്ടായിരിക്കും. സിപ്പായികളുടെ കുടുംബങ്ങൾക്കു വല്ല കഷ്ടനഷ്ടങ്ങളും സംഭവിച്ചാൽ ഉടനെ ഈ ബോഡിന്നു ഹരജി അയച്ചാൽ മതി. ബോർഡുഅധികാരികൾ ഉടനെ സ്ഥലത്തു ചെന്നു ശരിയായ അന്വേഷണം നടത്തി വേണ്ടതു പ്രവൃത്തിക്കുന്നതായിരിക്കും.

ഇതിന്നുംപുറമെ സിപ്പായികളുടെ മക്കൾക്കും മരുമക്കൾക്കും ഫീസില്ലാതെ സ്കൂളുകളിൽ പഠിക്കുവാനുള്ള സൌകര്യങ്ങളും വല്ല സിവിൽ വ്യവഹാരങ്ങളിലും സിപ്പായികൾ കക്ഷിയായാൽ യുദ്ധം കഴിയുന്നതുവരെ കേസ്സു നിർത്തിവെക്കുവാനുള്ള കല്പനകളും ഗവർമ്മേണ്ടു പാസ്സാക്കീട്ടുണ്ടു്. എത്രയോ വക്കീലന്മാർ ഫീസില്ലാതെ സിപ്പായികളുടെ കേസ്സുകളിൽ വക്കാലത്തു ഏല്ക്കുവാനും ഏററിട്ടുണ്ടു്. ഇതിനെല്ലാം പുറമെ സിപ്പായികളുടെ കുടുംബങ്ങൾക്കു് വളരെ കഷ്ടമില്ലാതെ ഭക്ഷണസാധനങ്ങൾ കിട്ടുവാൻ വേണ്ടുന്ന സഹായങ്ങൾ ചെയ്യേണമെന്നു് എല്ലാ ജില്ലാ ഉദ്യോഗസ്ഥന്മാർക്കും ഗവർമ്മേണ്ടു കല്പന അയച്ചിട്ടുമുണ്ടു്.

### യുദ്ധത്തിന്നു ശേഷം

യുദ്ധാനന്തരമുള്ള സുഖമാണ് സിപ്പായിയുടെ ജീവിതത്തിൽ വളരെ പ്രധാനമായ ഒരു കാര്യം. ഇന്നു ഇന്ത്യൻ പട്ടാളത്തിൽ സുമാർ 20 ലക്ഷത്തിന്നുമേൽ സിപ്പായികൾ ചേർന്നിട്ടുണ്ടു. അവരിൽ മുക്കാലേഅരക്കാൽ ഭാഗവും ഇന്ത്യൻ ഗ്രാമങ്ങളിൽ നിന്നു് വന്നവരാണ്. അതിൽ എത്രയോ പേർ വളരെ വൃത്തിഹീനങ്ങളായ ചെറുഗ്രാമങ്ങളിൽ, വളരെ ദരിദ്രകുടുംബങ്ങളിൽ നിന്നു വന്നവരായിരിക്കും. ഇപ്പോൾ പട്ടാളത്തിൽ അവർ അനുഭവിക്കുന്ന യാതൊരു സുഖങ്ങളും സൌകര്യങ്ങളും അവരുടെ ജീവിതത്തിൽ അവരുടെ ഗ്രാമങ്ങളിൽ കണ്ടിരിക്കയില്ല. ശരിയായ ഒരു പുനർജന്മമാണ് അവർക്ക് പട്ടാളത്തിൽ കിട്ടിയിട്ടുള്ളതു്. ജീവിത രീതിയിൽ അവർ എത്രയോ മുന്നോട്ടുവന്നു കഴിഞ്ഞു. ഇനി യുദ്ധത്തിന്നു ശേഷം രണ്ടാമതും മടങ്ങി പഴയ ഗ്രാമങ്ങളിൽ പഴയ രീതിയിൽ ജീവിക്കുവാൻ അവർക്ക് ഒരു കാലവും കഴിയുകയില്ല. പുതിയ ഗ്രാമങ്ങളും പുതിയ ജീവിതക്രമവും, പുതിയചുററുപാടും അവർക്കു അത്യാവശ്യമാണ്. ഈ പുതിയ കാര്യങ്ങൾ എങ്ങിനെ സാധിക്കുമെന്നു് ഞാൻ എന്റെ ലേഖനങ്ങളിൽ വിശദീകരിക്കാം. ഇന്ത്യ 7 ലക്ഷം ഗ്രാമങ്ങൾ അടങ്ങിയ 40 കോടി ജനങ്ങൾ ഉള്ള ഒരു വലിയ രാജ്യമാണ്. 40 കോടി ജനങ്ങളിൽ 32 കോടിയും കൃഷിക്കാരാണ്. ആയതുകൊണ്ടു് ഈ 32 കോടി ജനങ്ങൾക്കും സൌഖ്യം ഉണ്ടായാൽ മാത്രമെ ഇന്ത്യക്കു സൌഖ്യമായെന്നു പറയുവാൻ കഴികയുള്ളു. ഇന്നത്തെ സ്ഥിതി നോക്കുകയാണെങ്കിൽ ഇന്ത്യക്കാരനാണ് ലോകത്തിൽവെച്ചു് ഏററവും ദരിദ്രൻ. ഈ ദരിദ്രനായ ഇന്ത്യക്കാരനെ നന്നാക്കുവാൻ ഒരു മരുന്നു മാത്രമേയുള്ളു. അതാണ് ഗ്രാമീണ പുനരുദ്ധാരണം. ഈ ഗ്രാമീണപുനരുദ്ധാരണം എന്താണെന്നും എങ്ങിനെ സാധിക്കുമെന്നും ഞാൻ അടുത്ത ലേഖനങ്ങളിൽ ശരിയായി വിവരിക്കാം.

---

## എ. ആർ. പി. പി.

### ഒരു കച്ചവടക്കാരൻ അധികവില ചുമത്തിയാൽ

ഒരു കച്ചവടക്കാരൻ എന്തെങ്കിലും ഒരു സാധനം നിശ്ചിത വിലയിൽ അധികരിച്ച ഒരു വിലക്കു വില്ക്കുന്നുവെങ്കിൽ 1943 ലെ ഹോഡിംങ്ങ് ആൻറ് പ്രോഫിററിയറിങ്ങ് പ്രൊവെൻഷ്യൻ ഓഡിനാൻസിന്റെ ആറാമത്തെ വകുപ്പനുസരിച്ചു് കുററക്കാരനാണ്. ഇതിൽ ഭക്ഷണസാധനങ്ങൾ പെടുന്നതല്ല. അവയുടെ വില നിശ്ചയിക്കുന്ന നിയമം വേറെയാണ്. പ്രത്യേക നിയമങ്ങളാൽ വിലനിശ്ചയം ചെയ്തിട്ടുള്ള മററു സാധനങ്ങളും ഇതിൽ പെടുന്നതല്ല. ഭക്ഷണസാധനങ്ങളൊ, മററു പ്രത്യേക നിയമങ്ങളാൽ വില നിശ്ചയം ചെയ്ത സാധനങ്ങളൊ അല്ലാത്തതും മേൽപറഞ്ഞ നിയമ പരിധിക്കുള്ളിൽ പെട്ടതുമായ സാധനങ്ങളുടെ വില നിശ്ചയിക്കുന്ന രീതി താഴെ പറയുംപ്രകാരമാണ്: വിദേശ സാമാനമാണെങ്കിൽ കപ്പലിൽ നിന്നിറക്കുന്ന സമയത്തു സാമാനത്തിന്നെത്ര ചെലവായിട്ടുണ്ടോ അതും 20 ശതമാനവും; അല്ല സ്വദേശ സാമാനമാണെങ്കിൽ അതിന്റെ നിർമ്മാണത്തിന്നെത്ര ചെലവായിട്ടുണ്ടോ അതും 20 ശതമാനവും; ഇങ്ങനെയാണ് ഒരു സാമാനത്തിന്റെ വില നിശ്ചയതോതു്. ഈ തോതു് തെററിച്ചു ഒരു കച്ചവടക്കാരൻ അധിക വിലക്കു് ഒരു സാമാനം വില്ക്കണമെങ്കിൽ അതിന്നു കണ്ട്രോളർ ജനറാളുടെ സമ്മതം വേണം. അല്ലെങ്കിൽ അദ്ദേഹമൊ ഗവർമ്മേണ്ടൊ നിശ്ചയിച്ച വില അധികത്തൊതിൽ ഉള്ളതായിരിക്കണം.

ഒരു സാമാനം വാങ്ങുവാൻ ഷാപ്പിൽ ചെന്ന ഒരാൾക്കു് പ്രസ്തുത സാമാനം കിട്ടേണമെങ്കിൽ മറെറാരു സാമാനവും കൂടി അതോടൊന്നിച്ചു് വാങ്ങുവാൻ ആയാൾ നിർബ്ബന്ധിതനാകുന്നപക്ഷം കച്ചവടക്കാരൻ കുററക്കാരനാണ്.

നിയമം മുഖേന അസാധുവായ ഒരു വില നിങ്ങളുടെ പക്കൽ നിന്നു് ഒരു കച്ചവടക്കാരൻ വാങ്ങിയെന്നൊ, നിങ്ങൾക്കാവശ്യമില്ലാത്ത ഒരു സാധനം നിങ്ങളെക്കൊണ്ടു് വാങ്ങിച്ചുവെന്നൊ നിങ്ങൾക്കു് തോന്നുന്നപക്ഷം, ഉടനെ സ്ഥലം കമേർസിയൽ ടാക്സ് ആപ്പീസ്സുക്കു് അറിവുകൊടുക്കുക. മദിരാശി പട്ടണത്തിലാണെങ്കിൽ കമ്മീഷണർ ഓഫ് സിവിൽ സപ്ലൈസിന്നു് അറിവുകൊടുക്കുക.

ഓർമ്മയിലിരിക്കട്ടെ: സാമാനങ്ങൾ വാങ്ങുന്ന ഓരോരുത്തനും താൻ ഒരു ഇൻസ്പെക്ടർ ആണെന്നുള്ള ഭാവനയോടുകൂടി പ്രവർത്തിച്ചാലെ ഈ നിയമം സഫലമാകയുള്ളു.

# റെഡ് ക്രോസ് സർവ്വീസ്

## മിസ്സിസ് എഫ്. ഫിക്ലിംഗ് തലശ്ശേരിയിൽ വെച്ചുചെയ്ത പ്രസംഗത്തിൻെറ തർജ്ജമ.

റെഡ് ക്രോസ് സംഘത്തിൻെറ ഉത്ഭവത്തേയോ അതു എങ്ങിനെ പ്രവർത്തിക്കുന്നു എന്നതിനേയോ പററി പ്രതിപാദിച്ച് നിങ്ങളുടെ സമയം ഞാൻ അപഹരിക്കുന്നില്ല. പ്രധാനമായി ചിന്തിക്കേണ്ടതും സാധാരണമായി ഉത്തരം പറയേണ്ടതായി ഞാൻ വിചാരിക്കുന്നതും "ഗവമ്മെണ്ടു ചെയ്യേണ്ടതും എന്നാൽ ഗവമ്മെണ്ടിന്നു ചെയ്വാൻ കഴിയാത്തതുമായി എന്താണ് റെഡ് ക്രോസ് ചെയ്യുന്നതു" എന്ന പ്രശ്നമാണ്. റെഡ് ക്രോസ് സംഘം ഏറെറടുത്തിട്ടുള്ള ജോലികളിൽ ഒട്ടുമുക്കാലും, വാസ്തവത്തിൽ ഗവമ്മെണ്ടിൻെറ ചുമതലയിലുള്ളതാണെന്നു കരുതിയിട്ടു ആ സംഘത്തിൻെറ ഫണ്ടിലേക്കു ധനമായോ മറേറതെങ്കിലും വിധത്തിലോ ഉള്ള സഹായം ചെയ്വാൻ ആളുകൾ മടികാണിക്കുന്നു. വിമാനങ്ങളോ ടാങ്കുകളോ വാങ്ങാൻ സംഭാവന കൊടുക്കേണ്ട ആവശ്യമില്ലെന്നു വിചാരിക്കുന്നവർ ധാരാളമുണ്ടായിരിക്കാമെങ്കിലും, വിദൂരദേശങ്ങളിൽ ശത്രുക്കളുടെ തടവുകാരായും മുറിവേററും ആതുരന്മാരായിരിക്കുന്ന സാധുക്കൾക്ക് ധനംകൊണ്ടോ, പ്രവൃത്തികൊണ്ടോ രക്ഷ നൽകുന്ന വിഷയത്തിൽ ഒഴിഞ്ഞു മാറുവാൻ ആർക്കും കഴിയുന്നതല്ല.

റെഡ് ക്രോസ് സംഘത്തിൻെറ പ്രവൃത്തിയുടെ സ്വഭാവംതന്നെ ആകസ്മികമായുണ്ടാവുന്ന ആപൽഘട്ടത്തിൽ വേണ്ടതുചെയ്ത് സഹായകമായി പെരുമാറുക എന്നതാണ്. ഞാൻ ചില ഉദാഹരണങ്ങൾ പറയട്ടെ :—

കരയിലും, നേവിയിലും, വിമാനസേനയിലും ഉള്ള ഭടന്മാരുടെ നിത്യജീവിത സുഖസൌകര്യങ്ങളെ വേണ്ടത്ര ശ്രദ്ധയോടെ നോക്കിവരുന്നുണ്ട്. എന്നാൽ ചില്ലറയെങ്കിലും കൂടുതൽ പ്രധാനമായ മററു കാര്യങ്ങളിലാണ് നാം അവരെപ്പററി ചിന്തിക്കുന്നുണ്ടെന്നു അവർക്കു ബോദ്ധ്യമാവുന്നതു്.

ദീനക്കാരും മുറിവേററവരുമായ ആളുകളെപ്പററി ആലോചിക്കുക. ഒരുപക്ഷെ നിങ്ങളിൽ ചിലക്കു രോഗബാധിതരായി ആസ്പത്രികളിൽ കിടക്കുമ്പോൾ നിങ്ങളുടെ സുഖസൌകര്യാദികൾക്കുള്ള പലതും കൊണ്ടുവരുന്ന സ്നേഹിതരും ബന്ധുക്കളുമായവരുടെ സന്ദർശനങ്ങൾകൊണ്ടുള്ള ആശ്വാസം അനുഭവിച്ചറിവുണ്ടായിരിക്കുമല്ലോ. മുറിപ്പെട്ടവരും രോഗികളുമായി വിദേശാസ്പത്രികളിൽ കിടക്കുന്ന നമ്മുടെ യോദ്ധാക്കളെപ്പററി ഒന്നു ആലോചിച്ചുനോക്കാം. വൈദ്യസഹായത്തെ സംബന്ധിച്ചേടത്തോളം ഉത്തമമായ സേവനം അവർക്കു കിട്ടുമെന്നുറക്കാം, പക്ഷെ, ആ മാതിരി പരിതഃസ്ഥിതികളിൽ തൃപ്തിയും മനഃസുഖവും ഇല്ലാതിരുന്നാൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഇങ്ങിനെയുള്ള ഘട്ടങ്ങളിൽ ഈ റെഡ് ക്രോസ് സംഘമാണ്, തുച്ഛമെങ്കിലും വ്യക്തിപരമായ സൌകര്യങ്ങൾ നൽകി, കഷ്ടതയിൽ താൻ ഏകാകിയല്ലെന്നുള്ള ഒരു സമാധാനം ഓരോരുത്തർക്കും പ്രദാനം ചെയ്യുന്നതു്.

നിങ്ങളിൽ മിക്കവക്കും അറിവുള്ളതുപോലെ "റെഡ് ക്രോസ് വനിതാപ്രവൃത്തി സംഘം" ഇന്ത്യ ഒട്ടുക്കുള്ള ആസ്പത്രികളിലേക്കു സേവനസാമഗ്രികൾ നല്കിവരുന്നു. ഇങ്ങിനെയാണ് അവർ സാഹായികസേവനം എന്ന ജോലി നിർവ്വഹിക്കുന്നതു്. ആസ്പത്രികളിലേക്കു വേണ്ട സാധനങ്ങൾ ഗവമ്മെണ്ട് കൊടുക്കുന്നുണ്ട്. പക്ഷെ യുദ്ധത്തിൻെറ ഇന്നത്തെ വർദ്ധമാനസ്ഥിതിയിൽ കൂടുതൽ സാമഗ്രികൾ ആവശ്യമാകകൊണ്ടു, ആ പ്രവർത്തന സംഘത്തിൽ ചേരാത്തവരോടു അതിൽ ചേരാനും, ചേർന്നു സാമാനങ്ങൾ കൊടുത്തുവരുന്നവരോടു കുറച്ചുകൂടി ഊർജ്ജസ്വലമായി പ്രവർത്തിക്കുവാനും ഞാൻ നിർബ്ബന്ധമായി നിഷ്കർഷിക്കുന്നു. ഇതിലേക്കു റെഡ് ക്രോസ് സംഭരിച്ചുകൊടുക്കുന്ന സാമഗ്രികളെല്ലാം സ്വേച്ഛാസംഭാവനകളിൽ നിന്നാണ്. ഈ സാമഗ്രികളുടെ വലിയ ഒരു പങ്ക് ഇന്ത്യൻ സേനയുടെ ഉപയോഗത്തിന്നാണെന്നു ഞാൻ വിശദമാക്കിക്കൊള്ളുന്നു.

ഈ സേവനത്തിൻെറ മറെറാരു വകുപ്പ് യാതൊരു കേടും തട്ടാത്തവർക്കുവേണ്ടിയുള്ള സൈന്യസൌകര്യ നിധി (ഫണ്ട്) യാണ്. മററു സാധനങ്ങളോടുകൂടി പുസ്തകങ്ങൾ, വിനോദസാമഗ്രികൾ, വയർലെസ് ഉപകരണങ്ങൾ, ഗ്രാമഫോൺ റിക്കാഡ്കൾ, കമ്പിളികൾ, കമ്പിളിക്കുപ്പായങ്ങൾ, കാലുറകൾ, ഇരുമ്പുതൊപ്പികൾ, കയ്യുറകൾ, കഴുത്തിൽ കെട്ടുന്ന കമ്പിളികൾ എന്നിവ വനിതാ പരിശ്രമസംഘ (പ്രവൃത്തി സംഘ)ങ്ങൾ സജ്ജമാക്കികൊടുക്കുന്നു.

അടിയന്തിരസേവന (ആകസ്മിക ആപൽഘട്ടങ്ങളിലെ സേവന) ങ്ങളുടെ സമ്പ്രദായത്തെപ്പററി പറയാം. ഇന്ത്യയിലെവിടെയെങ്കിലും അതിസാരമൊ (അശ്മസ്സോ) മലമ്പനിയൊ പിടിപെട്ടുവെന്നും ആതുരശാലാധികൃതന്മാർക്കു തൽക്കാല ശുശ്രൂഷക്കു തക്കതായ കോപ്പുകൾ സ്വാധീനമില്ലെന്നും വിചാരിക്കുക. ആവക സന്ദർഭങ്ങളിൽ പലപ്പോഴും ഗവമ്മെണ്ടിൽനിന്നു വേണ്ട സഹായം വരുന്നതുവരെ ആവശ്യമുള്ള സാധനസാമഗ്രികൾ കൊടുത്തു സന്ദർഭാനുഗുണമായ സഹായങ്ങൾ റെഡ് ക്രോസ് സംഘങ്ങൾ ചെയ്തുവരുന്നു.

ഗവമ്മെണ്ടിന്നു സാധിക്കാത്തതായി റെഡ് ക്രോസ് സംഘത്തിൻെറ ഒരു പ്രവൃത്തി പദ്ധതിയെപ്പററിയെങ്കിലും ചൂണ്ടിക്കാണിക്കണമെന്നു എനിക്കാഗ്രഹമുണ്ട്. അതു് യുദ്ധത്തിൽ തടവുകാരായിത്തീർന്നിട്ടുള്ളവരെപ്പററിയാണ്.

യുദ്ധത്തിൽ ബന്ധനസ്ഥരായവരെപ്പററി എന്തെങ്കിലും ആലോചന നടത്തിയാൽ, തമ്മിൽ യുദ്ധം നടക്കുന്നു എന്ന ഏകകാരണത്താൽ മാത്രം വിരുദ്ധകക്ഷികൾക്കു അന്യോന്യം പല സംശയങ്ങളും തെററിദ്ധാരണകളും ഉണ്ടായിരിക്കുമെന്നു ധരിക്കണം. ഇമ്മാതിരി സന്ദർഭങ്ങളിലാണ് റെഡ് ക്രോസ് സംഘം മദ്ധ്യസ്ഥസ്ഥിതി കയ്ക്കൊള്ളുന്നതു്. ഒരു പടികൂടി കടന്ന്, മുൻകാലങ്ങളിൽ ലോകമൊട്ടുക്കു യുദ്ധത്തിലേർപ്പെട്ടിരുന്ന രാജ്യക്കാർ അനുവദിച്ചിരുന്നതും, യുദ്ധത്തിൽ ബന്ധനസ്ഥരായവർക്കു ന്യായമായി അവകാശപ്പെടാവുന്നതുമായ സകലതും അവർക്കു സ്വായത്തമാക്കിക്കൊടുക്കുന്ന ഒരു അനൌദ്യോഗിക രക്ഷിതാവാണു റെഡ് ക്രോസ് സംഘം എന്നുകൂടി പറയാവുന്നതാണ്. ബർമ്മ, മലയാ, ഹോങ്ങ്കോങ്ങ് മുതലായ സ്ഥലങ്ങളിൽനിന്ന് ജപ്പാൻകാർ പിടിച്ച തടവുകാർക്കെന്നപോലെ, തടവുകാർക്കുള്ള ന്യായമായ ഈ അവകാശങ്ങൾ മുൻപൊരിക്കലും നിഷേധിക്കപ്പെട്ടിട്ടില്ല. ഇങ്ങിനെയിരുന്നിട്ടു, തടവുകാരെപ്പററി നമുക്കുള്ള അറിവും, അവർക്കു കിട്ടിയിട്ടുള്ള നിസ്സാരമായ സുഖങ്ങളും, സർവ്വദേശീയ റെഡ് ക്രോസ് സംഘത്തിൻെറ അവിശ്രാന്ത പരിശ്രമഫലത്താലും, മററു ദേശീയ റെഡ് ക്രോസ് സംഘങ്ങളുടെ സഹായത്താലുമാണ്. ഈ ദേശീയ റെഡ് ക്രോസ് സംഘങ്ങളിൽ ഇന്ത്യൻ റെഡ് ക്രോസിന്ന് ഏററവും പ്രധാനമായ ഒരു സ്ഥാനമാണുള്ളതു്. ശത്രുക്കളുടെ അധീനത്തിലിരിക്കുന്ന തടവുകാർക്കു ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും ബങ്കികളിലാക്കി അയച്ചുകൊടുക്കുന്നുണ്ടെന്നുള്ളതു് മിക്കവരും അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ജമ്മൻകാരുടെ കീഴിലുള്ള ഇന്ത്യൻ തടവുകാർക്കു ഈ വക ബങ്കികളയച്ചു കൊടുക്കുന്നതിലേക്ക് ലണ്ടനിലെ 'ഇന്ത്യാ ഹൌസ്' മുഖാന്തരം ലക്ഷോപലക്ഷം ഉറുപ്പിക ചെലവഴിച്ചിട്ടുണ്ട്. ജപ്പാൻകാർ കൈയേറിയിരിക്കുന്ന സ്ഥലങ്ങളിലെ തടവുപുള്ളികളുടെ താവളങ്ങളിലേക്കു മൊത്തക്കണക്കിൽ സാമാനങ്ങൾ അയച്ചിട്ടുണ്ട്. ബങ്കികളയക്കാൻ ജപ്പാൻകാർ അനുവദിക്കുന്നെന്നു നാം കരുതുമ്പോൾ, അവരുടെ കീഴിലുള്ള തടവുകാരുടെ നിലയെ നന്നാക്കാനായി യാതൊരു താമസവും നേരിടാത്തവണ്ണം വേണ്ട പണം നാം ശേഖരിച്ചുവെക്കേണ്ടതാണ്.

ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണിവ. ഇതുപോലെ എത്രയെത്രയോ സംഗതികൾ റെഡ് ക്രോസ് സംഘങ്ങൾ നമ്മുടെ ആളുകൾക്കായി ചെയ്യുന്നുണ്ട്.

മദിരാശി സംസ്ഥാനത്തിലെ വിവിധ സൈന്യവകുപ്പുകളിൽ മലബാറിന്ന് ഏററവും പ്രധാനമായ ഒരു സ്ഥാനമുണ്ടെന്നും മലബാറിലെ വീരസന്താനങ്ങൾ അടുത്ത ഭാവിയിൽ തന്നെ ശത്രുക്കളുമായി എററുമുട്ടുന്നതാണെന്നും ഓർമ്മിക്കുന്നതായാൽ ഈ വാസ്തവം നമുക്കു ഒന്നുകൂടി ദൃഢമായി ബോദ്ധ്യമാകും. താമസിയാതെ തന്നെ റെഡ് ക്രോസ് സംഘത്തിൻെറ സേവനം നമ്മുടെ പ്രസ്തുത വീരസന്താനങ്ങളുടെ ജീവിതസൌഖ്യത്തിന്നും സങ്കടപരിഹാരത്തിന്നും ആവശ്യമായും വന്നേക്കാം.

ഈ സംഗതികളാലോചിക്കുമ്പോൾ റെഡ് ക്രോസ് സംഘത്തിൻെറ ഫണ്ടിലേക്കു കഴിയുംവിധം സഹായിക്കണമെന്നു ആവശ്യപ്പെടുന്നതു് നിർവ്വഹിക്കാൻ സാധിക്കാത്തതായ ഒരഭ്യർത്ഥനയാകുമൊ ? ഇതിൽ കൂടിയ ഘട്ടങ്ങൾ വരാൻ കാത്തിരിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് തൽക്കാല സഹായാനുകൂല്യങ്ങൾകൊണ്ടു, വരാൻ പോകുന്ന ഘട്ടത്തിലേക്കു നമ്മുടെ സംഘത്തിനെ സന്നദ്ധമാക്കുന്നതിനാണ് നാം ശ്രമിക്കേണ്ടതു്. അതോടുകൂടി, ജോലിക്കു തക്കവരൊ അല്ലാത്തവരൊ, രോഗികളൊ മുറിയേററവരൊ, ഭാഗ്യദോഷികളായ യുദ്ധത്തടവുകാരൊ ആയുള്ള മലബാർ സന്താനങ്ങളുടെ സുഖസൌകര്യാദികൾക്കു വേണ്ട ഏർപ്പാടു ചെയ്യേണ്ടതുമാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.